Break the Chain

150 YEARS OF CELEBRATING THE MAHATMA

വനിതാ ശിശു വികസന
ഡയറക്ടറേറ്റ്,
പൂജപ്പുര, തിരുവനന്തപുരം
തീയതി: 27/06/2022
Email-icdsasection@gmail.com

## പരിപത്രം

വിഷയം:- വനിതാ ശിശു വികസന വകുപ്പ് - 22-23 - 'വർണ്ണക്കൂട്ട്' അംഗങ്ങൾക്ക് ബോധവൽക്കരണ ക്ലാസ്സ് നടത്തുന്നത് - നിർദ്ദേശങ്ങൾ - സംബന്ധിച്ച്.

സൂചന:- സ.ഉ.(സാധാ) നം. 239/2022/വശിവിവ, തീയതി : 21.05.2022

കൗമാരകുട്ടികളുടെ ശാരീരിക മാനസിക വളർച്ചയും വികാസത്തിനും വേണ്ടി കൗമാരക്ലബ്ബുകൾ അങ്കണവാടികളോടനുബന്ധിച്ച് പ്രവർത്തിച്ചുവരുന്നുണ്ട്. വകുപ്പിൽ കാലാകാലങ്ങളായുണ്ടായ നൂതന ആശയങ്ങളുടേയും പദ്ധതികളുടേയും ഭാഗമായി സൂചന (1) ഉത്തരവ് പ്രകാരം കൗമാരക്ലബ്ബുകൾ സംസ്ഥാനമൊട്ടാകെ 'വർണ്ണക്കൂട്ട്' എന്ന് പുനർ നാമകരണം ചെയ്ത് പ്രവർത്തനങ്ങൾ ഉദ്ദീപിപ്പിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും ചെയ്യുന്നതിന് തീരുമാനിക്കുകയുണ്ടായി. 2021-22 സാമ്പത്തികവർഷം ആയതുമായി ബന്ധപ്പെട്ട് വകുപ്പ് മുഖേന നിരവധി പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തിരുന്നു.

കൗമാരക്കുട്ടികൾക്കിടയിലെ ശാരീരിക മാനസിക വൈകാരിക പ്രശ്നങ്ങൾ നാൾക്കുനാൾ വർദ്ധിച്ചുവരുന്നതായി സമകാലീന പഠനങ്ങളുടെ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. ഈ സാഹചര്യത്തിൽ 2022-23 സാമ്പത്തികവർഷം വകുപ്പ് മുഖേന ക്ലബിലെ അംഗങ്ങൾക്കായി ത്രൈമാസ ക്രമത്തിൽ നാല് അവബോധക്ലാസ്സുകൾ സംഘടിപ്പിക്കുന്നതിനായി തീരുമാനിച്ചിട്ടുണ്ട്. കാലിക പ്രാധാന്യമുള്ള വിഷയങ്ങൾ ഉൾപ്പെടുത്തി അനുയോജ്യമായ റിസോഴ്സ് പേഴ്സൻസിനെ ഉപയോഗിച്ചാണ് ടി ക്ലാസ്സുകൾ സംഘടിപ്പിക്കേണ്ടത്. അങ്കണവാടി തലത്തിൽ 4 ക്വാർട്ടറുകളിലായി 4 ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതിന് 250/- രൂപ നിരക്കിൽ 33,115 അങ്കണവാടികൾക്ക് 3,31,15,000/- രൂപ സൂചന പ്രകാരം സർക്കാർ അനുവദിച്ച് നൽകിയിട്ടുണ്ട്. ടി ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതിന് ആവശ്യമായ മാർഗ്ഗരേഖ ചുവടെ ചേർക്കുന്നു . ത്രൈമാസ ക്ലാസ്സുകൾക്കുള്ള വിഷയങ്ങളും ആയതു സംബന്ധിച്ച തുടർ പ്രവർത്തനങ്ങളും അനുബന്ധമായി ഉൾപ്പെടുത്തുന്നു.

- **മാർഗ്ഗരേഖ**

1. 2022-23 സാമ്പത്തിക വർഷം ഓരോ അങ്കണവാടിയിലും നാല് ക്വാർട്ടറുകളിലായി നാല് ക്ലാസ്സ് സംഘടിപ്പിക്കേണ്ടതാണ്. 1ST ക്വാർട്ടർ ജൂലൈ 31 നകം, 2ND ക്വാർട്ടർ സെപ്റ്റംബർ 30 നകം, 3RD ക്വാർട്ടർ ഡിസംബർ 30 നകം, 4TH ക്വാർട്ടർ മാർച്ച് 30 നകം
2. ഒരു ക്ലാസ്സ് സംഘടിപ്പിക്കുന്നതിന് ഒരു അങ്കണവാടിക്ക് റിസോഴ്സ് പെഴ്സണ് ഹോണറേറിയം ഇനത്തിൽ 250/- രൂപ അനുവദിക്കുന്നതാണ്. അങ്കണവാടികൾ സംയോജിപ്പിച്ചും അല്ലാതെയും ക്ലാസ്സുകൾ നടത്താവുന്നതാണ്. കാലിക പ്രാധാന്യമുള്ള വിഷയങ്ങൾ ആയതിനാൽ വിഷയ വിദഗ്ദ്ധരെകൊണ്ട് ക്ലാസ്സ് എടുപ്പിക്കേണ്ടതാണ്.

3. 10-13, 14-18 എന്നിങ്ങനെ 2 age group കൾ ആയി തിരിച്ച് പ്രായാനുസൃതമായ വിഷയങ്ങൾ ഉൾപ്പെടുത്തി പെൺകുട്ടികൾക്കും ആൺകുട്ടികൾക്കും ഒരുമിച്ചോ പ്രത്യേകമായോ ക്ലാസ്സുകൾ സംഘടിപ്പിക്കേണ്ടതാണ്.
4. ക്ലാസ്സുകൾ സംഘടിപ്പിക്കുമ്പോൾ വർണ്ണക്കൂട് അംഗങ്ങളുടെ പരമാവധി പങ്കാളിത്തം ഉറപ്പാക്കാൻ അവർക്കനുയോജ്യമായ തീയതി മുൻകൂട്ടി തീരുമാനിച്ച് അറിയിക്കേണ്ടതാണ്.
5. കുട്ടികളുടെ ബാലസഭകളിൽ ഈ പരിപാടിയുടെ വിവരം അറിയിച്ച് എല്ലാവരെയും ഉൾപ്പെടുത്താൻ ശ്രമിക്കേണ്ടതാണ്.
6. കുട്ടികൾ ഒരുക്കുന്ന ബോധവൽക്കരണ IEC (skit ,flashmob, drama...etc) കൾ നാട്ടിലെ ഉത്സവങ്ങൾ , മറ്റു സാമൂഹ്യപരിപാടികൾ എന്നിവയിൽ LSGD, ALMSC എന്നിവയുടെ സഹകരണത്തോടെ അവതരിപ്പിക്കാവുന്നതാണ്.

## നിർവ്വഹണവും മോണിറ്ററിംഗും

7. സെക്ടർ തലത്തിൽ ഐസിഡിഎസ് സൂപ്പർവൈസർമാരുടെ ചുമതലയിൽ ഈ പരിപാടി സംഘടിപ്പിക്കേണ്ടതും സൂപ്പർവൈസർമാരുടെ സാന്നിധ്യം പരിപാടിയിൽ ഉറപ്പാക്കേണ്ടതുമാണ്.
8. അനുയോജ്യരായ റിസോഴ്സ് പേഴ്സനെ കണ്ടെത്തുന്നതിനും ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിനുമായുള്ള സഹായം സിഡിപിഒ മാർ നൽകേണ്ടതാണ്.
9. ടി പരിപാടി എല്ലാ അങ്കണവാടികളിലും കൃത്യമായി നടപ്പാക്കുന്നുണ്ടെന്ന് സിഡിപിഒ ഉറപ്പാക്കേണ്ടതും തങ്ങളുടെ പ്രോജക്ട് പരിധിയിലെ ഓരോ ക്വാർട്ടറിലേയും 25% പരിപാടികളിൽ സിഡിപിഒ പങ്കെടുക്കേണ്ടതുമാണ്.
10. ടി പരിപാടിയുടെ തുടർ പ്രവർത്തനങ്ങൾ അങ്കണവാടി തലത്തിൽ നടക്കുന്നുണ്ടെന്ന് ഐസിഡിഎസ് സൂപ്പർവൈസർ, സിഡിപിഒ എന്നിവർ ഉറപ്പിക്കേണ്ടതാണ്.

## Convergence

കാലിക പ്രാധാന്യമുള്ള വിഷയങ്ങൾ ആണ് ടി ക്ലാസ്സുകളിലേക്കായി തിരഞ്ഞെടുത്തിരിക്കുന്നത്. ടി പ്രവർത്തനങ്ങൾ എല്ലാം തന്നെ മറ്റു വകുപ്പുകളുമായി സംയോജിപ്പിച്ച് നടത്താവുന്നതാണ്.

Health, Education, Excise, Police, SJD, AIR, Revenue, NHM, Ayush, Agriculture, Excise, Central bureau of communication (Field publicity), Agricultural University, SPC, NSS, Cybercell, കുടുംബശ്രീ, തൊഴിലുറപ്പ്, കർഷക സംഘങ്ങൾ, മികച്ച കർഷകർ തുടങ്ങിയ എല്ലാ സർക്കാർ, NGO, Non voluntary organization മായും സംയോജിച്ച് ഓരോ വിഷയങ്ങൾക്കും അനുയോജ്യരായവരെ കണ്ടെത്തി പരിപാടി സംഘടിപ്പിക്കേണ്ടതാണ് .

## ധനവിനിയോഗം

വകുപ്പിൽ നിന്നും നൽകുന്ന തുകയ്ക്ക് പുറമേ സന്നദ്ധസംഘടനകൾ , സ്പോൺസർഷിപ്പ്, LSGD സഹായം മറ്റുവകുപ്പുകളിലെ പദ്ധതികളുമായി converge ചെയ്തും ടി പരിപാടി വിപുലമാക്കുന്നതിനുള്ള തുക കണ്ടെത്താവുന്നതാണ്.

**വനിതാ ശിശു വികസന ഡയറക്ടർ**

എല്ലാ ശിശു വികസന പദ്ധതി ഓഫിസർമാർക്കും

<u>പകർപ്പ്</u>
എല്ലാ വനിതാ ശിശു വികസന ഓഫിസർമാർക്കും
എല്ലാ പ്രോഗ്രാം ഓഫിസർമാർക്കും
എല്ലാ സൂപ്പർ വൈസർമാർക്കും

Signature valid

Digitally signed by Priyanka G
Date: 2022.06.27 17:27:49 IST
Reason: Approved

## ബോധവൽക്കരണക്ലാസ്സിലേയ്ക്കുള്ള വിഷയങ്ങളും, തുടർ പ്രവർത്തനങ്ങളും

### 1. ക്വാർട്ടർ ഒന്ന് - മോചന (ജൂലൈ 31 വരെ)

1.1 ബോധവൽക്കരണ വിഷയം - ലഹരിവിരുദ്ധ കൗമാരം - ജൂലൈ 10 നകം

കൗമാരക്കാർക്കിടയിലെ ലഹരി ഉപയോഗം വർദ്ധിച്ചുവരുന്നതായി റിപ്പോർട്ട് കൾ സൂചിപ്പിക്കുന്നു. ലഹരിക്ക് അടിമയായ കുട്ടികളുടെ വാർത്തകൾ ഇപ്പോൾ മാധ്യമങ്ങളിലെ സ്ഥിരം വിഷയമാണ് . ടി സാഹചര്യത്തിൽ 1)എന്താണ് ലഹരി പദാർത്ഥങ്ങൾ, 2)അവയുടെ ഉപയോഗത്തിന്റെ ദൂഷ്യവശങ്ങൾ , 3)നിയമങ്ങൾ, 4)ശിക്ഷാ നടപടികൾ, 5)പരാതിപ്പെടേണ്ടവിധം, 6)ലഹരിക്കടിമപ്പെട്ടവരെ രക്ഷിക്കുന്നതിനുള്ള മാർഗം എന്നിവയുൾപ്പെടുത്തികൊണ്ടു ക്ലാസ്സ് സംഘടിപ്പിക്കേണ്ടതാണ്.

1.2 തുടർ പ്രവർത്തനങ്ങൾ -ജൂലൈ -11 to 17 -Observation days

ഏരിയയിൽ ലഹരി പദാർഥങ്ങൾ പരസ്യമായും രഹസ്യമായും ഉപയോഗിക്കുന്നുണ്ടോ, 18 വസ്സിൽ താഴെ ഉള്ള കുട്ടികൾ ആരെങ്കിലും ലഹരി പദാർഥങ്ങൾ ഉപയോഗിക്കുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ , മയക്കുമരുന്ന് വിതരണ കേന്ദ്രങ്ങൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ? ഇത്തരം കാര്യങ്ങൾ കുട്ടികൾക്ക് നിരീക്ഷിക്കാവുന്നതാണ് .
വിവരശേഖരണത്തിന് NNM Coordinators ലിങ്ക് തയ്യാറാക്കി നൽകേണ്ടതും ഇത് പൊതുജനങ്ങൾക്ക് കൂടി എത്തുന്ന രീതിയിൽ പ്രചരിപ്പിക്കേണ്ടതുമാണ് .

1.3 ജൂലൈ 18-20 - ലഭ്യമായ വിവരങ്ങൾ പോലീസ് വകുപ്പിന് കൈമാറേണ്ടതും - 'വേണ്ട' പദ്ധതിയുടെ പരിശീലനം കിട്ടിയ സ്കൂൾ counselors നെ ഉപയോഗിച്ച് ആവശ്യമായ ഇടപെടൽ നടത്തേണ്ടതും ആണ്.

1.4 ജൂലൈ 21-31 - ലഹരിക്കെതിരെ കൂട്ടായ പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ നടത്താം . കൗമാരക്കുട്ടികളെ ഉൾപ്പെടുത്തി ലഹരിവിമുക്ത റാലി ,പോസ്റ്റർ രചന മത്സരം, സ്കിറ്റ്, ഫ്ലാഷ് മോബ് തുടങ്ങിയവ ബന്ധപ്പെട്ട വകുപ്പുകളുടെയും പൊതുജന പങ്കാളിത്തതോടെയും നടത്തുക .

### ക്വാർട്ടർ രണ്ട് - സുരക്ഷ 2022 (ഓഗസ്റ്റ് 1 മുതൽ സെപ്റ്റംബർ 30 നകം)

2.1 ബോധവൽക്കരണ വിഷയം - സാമൂഹ്യമാധ്യമങ്ങൾ-ഉപയോഗവും സുരക്ഷയും (ആഗസ്റ്റ് 1 to 10)

കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ലോകം ഓൺലൈൻ യുഗത്തിലേയ്ക്ക് കടന്നതോടെ കുട്ടികൾ സാമൂഹ്യമാധ്യമങ്ങൾ കൂടുതൽ ഉപയോഗിച്ച് തുടങ്ങി. മൊബൈൽ അഡിക്ഷൻ, ഓൺലൈൻ ഗെയിംസ്, ഓൺലൈൻ ഷോപ്പിംഗ്, ഓൺലൈൻ സ്ലേ റാക്കറ്റ്സ് എന്നിവയിലേയ്ക്ക് കുട്ടികൾ സ്വയം അറിയാതെ വഴുതി വീഴുകയും ക്രമേണ വിഷാദത്തിലേയ്ക്കും ആത്മഹത്യയിലേയ്ക്കും ഇവർ നയിക്കപ്പെടുകയും ചെയ്യുന്നു. ഈ സാഹചര്യം ഉൾക്കൊണ്ട് 1) മൊബൈൽ ഉപയോഗം, 2) സാമൂഹ്യമാധ്യമങ്ങളുടെ ഉപയോഗത്തിന്റെ നല്ലതും ചീത്തയുമായ വശങ്ങൾ, 3) ബന്ധപ്പെട്ട നിയമങ്ങൾ, 4)ശിക്ഷാനടപടികൾ എന്നിവയെ കുറിച്ച് കുട്ടികൾക്ക് ബോധവല്കരണം നൽകുക.

2.2 തുടർ പ്രവർത്തനങ്ങൾ (ആഗസ്റ്റ് 11 to 31)

Online മാധ്യമങ്ങൾ എത്ര നേരം ഉപയോഗിക്കുന്നു എന്ന് അവലോകനം ചെയ്യുന്നതിന് അംഗങ്ങൾക്ക് അവസരം കൊടുക്കുക . പഠനാവശ്യത്തിനല്ലാതെ ഇവ ഉപയോഗിക്കുന്നത് എത്ര സമയം എന്ന് സ്വയം നിരീക്ഷിക്കാനും ഒരു നോട്ട് പുസ്തകത്തിൽ എഴുതി വെയ്ക്കാനും കുട്ടികളോട് ആവശ്യപ്പെടുക. ഒരോ ദിവസവും ഇതിനു വേണ്ടി ഉപയോഗിക്കുന്ന സമയം 10 മിനിറ്റ് വീതം കുറച്ച് കൊണ്ടു വരാനും ഈ സമയം മറ്റു creativity കൾക്ക് ഉപയോഗിക്കുവാനും രേഖപ്പെടുത്തുവാനും നിർദ്ദേശം കൊടുക്കുക. പഠനത്തിനായോ , നൃത്തം, സ്കിപ്പിംഗ് തുടങ്ങിയ ശാരീരിക വ്യായാമങ്ങളോ, പുസ്തക വായന, പൂന്തോട്ടം, അടുക്കളത്തോട്ടം തുടങ്ങിയവയോ ഉൾപ്പെടുത്താവുന്നതാണ്. ഓരോ കുട്ടിയും Social Media യുടെ ഉപയോഗം എത്ര സമയം കുറച്ചുവെന്നും ഈ സമയം എന്തു creativity യ്ക്ക് വേണ്ടി ചിലവഴിച്ചുവെന്നും അടുത്ത വർണ്ണക്കൂട്ടങ്ങളുടെ യോഗത്തിൽ ചർച്ച ചെയ്യുകയും document ചെയ്യേണ്ടതുമാണ്.

## 2.3 തുടർ പ്രവർത്തനങ്ങൾ - സെപ്റ്റംബർ

വർണ്ണക്കൂട്ടിലെ ഓരോ കുട്ടിയും വർണ്ണക്കൂടിന് പുറത്തുള്ള അവരുടെ peer group ലെ കഴിയുന്നത്ര അംഗങ്ങളെ ഈ പ്രവർത്തനത്തിൽ പങ്കാളികളാക്കാൻ നിർദ്ദേശിക്കുക. ഓരോ കുട്ടിയും എത്ര പേരെ ഈ പ്രവർത്തനത്തിൽ പങ്കാളികളാക്കിയെന്നും എത്ര സമയം creativity യ്ക്കായി ഉപയോഗപ്പെടുത്തിയെന്നും യോഗത്തിൽ ചർച്ച ചെയ്യുകയും document ചെയ്യേണ്ടതും ആണ്. ഇതു സംബന്ധിച്ച് ഓരോ കുട്ടിയുടെയും പ്രവർത്തനങ്ങൾ രേഖപ്പെടുത്തി portfolio യിൽ സൂക്ഷിക്കേണ്ടതാണ്. ഇത്രയും പ്രവർത്തനങ്ങൾക്കും ശേഷവും Social media ഉപയോഗിക്കുന്നതിൽ നിന്നും മോചനം സാധ്യമാകുന്നില്ല എന്ന് നിങ്ങൾ തിരിച്ചിറിയുന്ന കുട്ടികളെ, ഈ വിവരം പരസ്യമാക്കാതെ അടിയന്തിരമായി counselling ന് വിധേയമാക്കുന്നതിന് അവരുടെ രക്ഷിതാക്കളെ ബോധവൽക്കരണം നടത്തേണ്ടതും മേലുദ്യോഗസ്ഥരെ അറിയിച്ച് സ്കൂൾ കൗൺസിലർമാരുടെ സേവനം ലഭ്യമാക്കേണ്ടതും ആണ്.

## ക്വാർട്ടർ മൂന്ന് -ആരോഗ്യം ( 2022 ഒക്ടോബർ 1 മുതൽ ഡിസംബർ 30 വരെ)

## 3.1 ബോധവൽക്കരണ വിഷയം - കൗമാരക്കുട്ടികളുടെ ശാരീരിക മാനസികാരോഗ്യം (ഒക്ടോബർ 1 to 10)

കൗമാരക്കുട്ടികളുടെ ശാരീരിക വളർച്ചയേയും മാറ്റങ്ങളെയും കുറിച്ചും മാനസിക ആരോഗ്യത്തെകുറിച്ചും ഒട്ടേറെ ക്ലാസ്സുകൾ സംഘടിപ്പിച്ചിട്ടുണ്ട്. കുട്ടികൾക്കിടയിലെ വർദ്ധിച്ചുവരുന്ന ലൈംഗികാതിക്രമങ്ങൾക്കും പീഡനങ്ങൾക്കും കാരണമായി പഠനങ്ങൾ ചൂണ്ടിക്കാണിക്കുന്നത് ലൈംഗികതയേയും ലൈംഗികാവയവങ്ങളെയും പറ്റിയുള്ള മിഥ്യാധാരണകളും ശരിയായ അവബോധമില്ലായ്മയുമാണ്. ഈ സാഹചര്യത്തിൽ ശാസ്ത്രീയമായ ലൈംഗിക അവബോധവും ലൈംഗികപീഢനങ്ങൾക്കെതിരെ പ്രതികരിക്കുന്നതിനുള്ള അവബോധവും സംബന്ധിച്ച് കുട്ടികൾക്ക് ബോധവല്ക്കരണം നൽകുക.

## 3.2 തുടർ പ്രവർത്തനങ്ങൾ - നിരീക്ഷണം (ഒക്ടോബർ 11 to 31)

കുട്ടികളുടെ അറിവിൽ എവിടെയെങ്കിലും ഇങ്ങനെയുള്ള ചൂഷണങ്ങൾ നടക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുക. കൂട്ടുകാരുടെ വിഷമങ്ങൾ മനസ്സിലാക്കാനും അവയെ തിരിച്ചറിയാനും ശ്രമിക്കുമ്പോൾ ഇങ്ങനെയുള്ള കുട്ടികളെ കണ്ടെത്താൻ സാധിക്കും എന്ന് ബോധ്യപ്പെടുത്തുക. ഇങ്ങനെയുള്ളവർ ഉണ്ടെന്നു കണ്ടെത്തിയാൽ അടിയന്തിരമായി റിപ്പോർട്ട് ചെയ്യുക.

## 3.3 തുടർ പ്രവർത്തനങ്ങൾ - നവംബർ

വർണ്ണക്കൂട്ടിലെ അംഗങ്ങൾ ഒത്തു ചേർന്ന് ഈ വിഷയം സംബന്ധിച്ച് ബോധവൽക്കരണത്തിനായി IEC ഉണ്ടാക്കുക. നാടകം, Skit flash mob തുടങ്ങിയ ആവാം . പഠനത്തെ

ബാധിക്കാതെ കുട്ടികളുടെ ഒഴിവു ദിവസങ്ങൾ ക്രമപ്പെടുത്തി പരിശീലനം നടത്തുന്നതിനുള്ള സാഹചര്യം അങ്കണവാടി ജീവനക്കാർ ഒരുക്കി നൽകേണ്ടതാണ്.

3.4 തുടർ പ്രവർത്തനങ്ങൾ – ഡിസംബർ

സെക്ടർ തലത്തിൽ വർണ്ണക്കൂട് കൂട്ടായ്മ സംഘടിപ്പിക്കുകയും ഓരോ അങ്കണവാടിയിലെയും കുട്ടികൾ ഉണ്ടാക്കിയ IEC അവതരിപ്പിക്കുകയും ചെയ്യുക. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സഹായം ഉപയോഗപ്പെടുത്തി ജനങ്ങളുടെ ഇടയിൽ ബോധവൽക്കരണം നടത്തുന്നതിന് ഉചിതമായ രീതിയിൽ പരിപാടി സംഘടിപ്പിക്കുക. ഇതിനായി സ്കൂൾ/കോളേജുകളെ വേദിയായി തെരഞ്ഞെടുക്കാവുന്നതാണ്.

## 4. ക്വാർട്ടർ നാല് – പൂർണ്ണ ( 2023 ജനുവരി 1 മുതൽ മാർച്ച് 30)

4.1 ബോധവൽക്കരണ വിഷയം –വ്യക്തി ബന്ധങ്ങളുടെ മൂല്യം ഉറപ്പാക്കൽ, സമ്മർദ്ദം നേരിടൽ, (ജനുവരി 1 to 10)

ലോകാരോഗ്യ സംഘടനയുടെ നിർവ്വചനമനുസരിച്ചുള്ള പൊതുജീവിതത്തിന് വേണ്ട 10 നിപുണതകളെ കുറിച്ച് കഴിഞ്ഞ സാമ്പത്തികവർഷം ബോധവൽക്കരണ ക്ലാസ്സുകൾ നടത്തിയിട്ടുണ്ട് . എന്നിരുന്നാലും നിലവിലെ സാഹചര്യത്തിൽ അനാരോഗ്യമായ വ്യക്തിബന്ധങ്ങൾ , അതുവഴി ഉണ്ടാകുന്ന മാനസികപ്രശ്നങ്ങൾ , അവയുമായി വൈകാരികമായി പൊരുത്തപ്പെടാൻ കഴിയാതെ ആത്മഹത്യയിലേക്ക് നയിക്കപ്പെടുന്ന സംഭവങ്ങൾ എന്നിവ ഉണ്ടാകുന്നതു തടയാൻ വീണ്ടും ബോധവൽക്കരണം ആവശ്യമുണ്ട് .

അതിനായി വ്യക്തിബന്ധങ്ങൾ, വൈകാരികമായി പൊരുത്തപ്പെടൽ, മാനസികപിരിമുറുക്കവുമായി പൊരുത്തപ്പെടൽ എന്നീ മൂന്നു നിപുണതകളെക്കുറിച്ച് ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക .

4.2 തുടർപ്രവർത്തനങ്ങൾ (ജനുവരി 11 to 31)- ഓർമ്മവച്ച നാൾ മുതൽ കുട്ടികൾ തെരെഞ്ഞെടുക്കുന്നതും അവരിലേയ്ക്ക് വന്നു ചേർന്നതുമായ വ്യക്തി ബന്ധങ്ങൾ ആരൊക്കെ ആണ്, അവർ നിങ്ങളെ സ്വാധീനിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ കാരണം, ഇപ്പോൾ ആ ബന്ധം എങ്ങനെ എന്നിവ അവലോകനം ചെയ്യാൻ അവസരം കൊടുക്കുക. ഈ ബന്ധങ്ങളിൽ സമ്മർദ്ദം തരുന്നവ ഒഴിവാക്കുന്നതിനായും സമ്മർദ്ദം ലഘൂകരിക്കുന്നതിനായും ക്ലാസ്സിലൂടെ തന്നിട്ടുള്ള മാർഗ്ഗങ്ങൾ ഉപയോഗിക്കുക.

4.3 തുടർ പ്രവർത്തനങ്ങൾ-ഫെബ്രുവരി

ജീവിതത്തിൽ നേരിടേണ്ടിവരുന്ന പ്രതിസന്ധികളെ തരണം ചെയ്യാൻ സാധിക്കത്തക്ക രീതിയിൽ മാനസിക സമ്മർദ്ദം കുറയ്ക്കാനുള്ള യോഗ/മെഡിറ്റേഷൻ അവബോധ ക്ലാസ്സുകൾ ബന്ധപ്പെട്ട വകുപ്പുകളുടെ (online /offline) സഹകരണത്തോടെ സംഘടിപ്പിക്കുക.

ഓരോ ആഴ്ചയും നിങ്ങളുടെ ഏരിയായിലെ വയോജനങ്ങൾ , ഭിന്നശേഷിക്കാർ, കിടപ്പുരോഗികൾ തുടങ്ങിയവരുടെ വീടുകൾ സന്ദർശിച്ച് അവരുമായി കുറച്ചുസമയം ചിലവഴിക്കുക. കുട്ടികളുടെ തന്നെ വീട്ടുകളിൽ നിന്നും കണ്ടെത്തിയ കറിവേപ്പില, പപ്പായ, മുരിങ്ങ തുടങ്ങിയവയുടെ തൈകൾ പോകുന്ന വീടുകളിൽ വർണ്ണക്കൂട്ടു അംഗങ്ങളുടെ കൂട്ടായ്മയിൽ നടാവുന്നതാണ് . ഇത് ബന്ധങ്ങൾ വളരാനും ഊഷ്മളമാകുവാനും, സ്നേഹം പങ്കിടാനും സഹായിക്കും. ഇത് സംബധിച്ചുള്ള ഫോട്ടോസ് ,റിപ്പോർട്ട് എന്നിവ documentation ൽ ഉൾപ്പെടുത്തുക .

4.4 തുടർ പ്രവർത്തനങ്ങൾ - മാർച്ച്

നാല് ക്വാർട്ടറിലും നടത്തിയ ബോധവൽക്കരണ ക്ലാസ്സുകൾ അവലോകനം നടത്തുക. ഇവയെല്ലാം റിപ്പോർട്ട്, ഫോട്ടോസ് എന്നിവ ഉൾപ്പെടെ ഓരോ അങ്കണവാടിയിലും ഡോക്യുമെന്റ് തയ്യാറാക്കുക.

ഓരോ ക്വാർട്ടറിലും നടത്തുന്ന അവബോധ ക്ലാസ്സുകളുടെ റിപ്പോർട്ട് ICDS

Supervisor തയ്യാറാക്കി സി ഡി പി ഒ യ്ക്ക് സമർപ്പിക്കേണ്ടതാണ്. സി ഡി പി ഒ ആയത് പരിശോധിച്ച് ജില്ലാ പ്രോഗ്രാം ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്. ടി പരിപാടികളുടെ ഫോട്ടോകൾ സോഫ്റ്റ് കോപ്പി ആയി സെക്ടർ തലത്തിൽ ശേഖരിച്ച് ഐസിഡിഎസ് തലത്തിൽ ഫോൾഡർ ആക്കി ഐസിഡിഎസ് ഓഫീസിൽ സൂക്ഷിക്കേണ്ടതും പ്രോഗ്രാം ഓഫീസർക്ക് അയക്കേണ്ടതുമാണ്. ആയതിന് NNM Co-ordinator ന്റെ സഹായം തേടാവുന്നതാണ്.

ഇതു കൂടാതെ താഴെപ്പറയുന്ന വിഷയങ്ങളിൽ കുട്ടികൾക്ക് പഠനതിരക്കില്ലാത്ത സമയങ്ങളിൽ ഓൺലൈൻ ആയോ ഓഫ് ലൈൻ ആയോ ക്ലാസ്സുകൾ സംഘടിപ്പിക്കാവുന്നതാണ്. ആയതിനായി മറ്റു ധന സ്രോതസ്സുകൾ കണ്ടെത്തേണ്ടതാണ്.

കുട്ടികളിലെ സമ്പാദ്യശീലവും ധനവിനിയോഗവും , WHO Life skills ,JJ Act, POCSO Act , Child Marriage, Prohibition Act, Gender Equality , Yoga , Daily Exercise, Nutri Garden, Menstrual Hygiene, Personal Hygiene ..etc .

..............................................................................................................................................................
..........................................

Signature valid

Digitally signed by Priyanka G
Date: 2022.06.27 17:27:24 IST
Reason: Approved